"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് -ജയിലുകൾ - ശ്രീ.സജീവൻ.എസ്., ജോയിന്റ് സൂപ്രണ്ട്, (റിട്ട.) സമർപ്പിച്ച റിവ്യൂ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2226/2025/HOME തീയതി,തിരുവനന്തപുരം, 01-07-2025

---

പരാമർശം:-

1. 29.11.2019-ലെ ബി3/204/2019/ആഭ്യന്തരം നമ്പർ കുറ്റപത്രം.
2. സ.ഉ(സാധാ)നം.3942/2024/ആഭ്യന്തരം,തീയതി 31.12.2024.
3. ശ്രീ.സജീവൻ.എസ്. സമർപ്പിച്ച 20.01.2025 -ലെ റിവ്യൂ ഹർജി.
4. ശ്രീ.സജീവൻ.എസ് ഹിയറിങ് വേളയിൽ സമർപ്പിച്ച കുറിപ്പ് തീയതി.26.03.2025

**ഉത്തരവ്**

വിയ്യൂർ ജില്ലാ ജയിൽ അന്തേവാസികളെ ഉദ്യോഗസ്ഥർ മർദ്ദിച്ചുവെന്ന പരാതിയുമായി ബന്ധപ്പെട്ട് ജയിൽ സൂപ്രണ്ടായിരുന്ന ശ്രീ.എസ്.സജീവന്റെ ഭാഗത്ത്നിന്നും മേൽനോട്ട വീഴ്ചയുണ്ടായി എന്ന കണ്ടെത്തലിനെത്തുടർന്ന് പരാമർശം (1) പ്രകാരം ഇദ്ദേഹത്തിനെതിരെ ആരംഭിച്ച അച്ചടക്കനടപടി, കെ.എസ്.ആർ. ഭാഗം III ചട്ടം 3 (a) അനുസരിച്ച് പ്രതിമാസം 500/- രൂപ (അഞ്ഞൂറു രൂപ മാത്രം) രണ്ട് വർഷത്തേക്ക് പെൻഷനിൽ നിന്നും കുറവ് ചെയ്തു കൊണ്ട്, പരാമർശം (2) പ്രകാരം തീർപ്പാക്കി ഉത്തരവായിരുന്നു.

2. പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യണമെന്നും സസ്പെൻഷൻ കാലയളവ് ശമ്പളവും മറ്റ് ആനുകൂല്യങ്ങൾക്കും കണക്കാക്കുന്ന തരത്തിൽ ഡ്യൂട്ടിയായി പരിഗണിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. സജീവൻ. എസ് പരാമർശം (3) പ്രകാരം ആഭ്യന്തര വകുപ്പ് അഡീ.ചീഫ് സെക്രട്ടറി മുമ്പാകെ റിവ്യൂ ഹർജി സമർപ്പിക്കുകയുണ്ടായി. ശ്രീ.സജീവൻ എസ്. - ന്റെ അപേക്ഷ പ്രകാരം ശ്രീ. സജീവനെ 24/03/2025 രാവിലെ 11.30ന് ആഭ്യന്തര (ബി) വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി.

3. ഇദ്ദേഹം പത്തനംതിട്ട ജില്ലാ ജയിലിൽ ജോലി ചെയ്തിരുന്ന കാലയളവിൽ ഉണ്ടായ കൃത്യവിലോപവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടിയിൽ ക്രോസ്സ് എക്സാമിനേഷനുമായി ബന്ധപ്പെട്ട് സ്വീകരിച്ച നിലപാടിന് വിരുദ്ധമായ നിലപാടാണ് ഈ കേസിൽ ഇദ്ദേഹത്തെ ശിക്ഷിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ളതെന്നും, തെളിവുകളുടെയും മറ്റു സാക്ഷി മൊഴികളുടെയും അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച

അന്വേഷണറിപ്പോർട്ടിൽ കുറ്റാരോപണങ്ങൾ ജയിൽ ചട്ടങ്ങളുടെ ലംഘനമാണെന്ന് കണ്ടെത്താനായിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും ഇതുമായി ബന്ധപ്പെട്ട് വിയ്യൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ഒരു കേസ് കോടതിവ്യവഹാരത്തിൽ ഉള്ളതിനാൽ ശ്രീ.അജേഷിനെതിരെ പോലീസ് വകുപ്പിൽ നൽകിയ ശിക്ഷാനടപടി അന്തിമമല്ലെന്ന് ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ളതായും മറ്റൊരു ശിക്ഷാ നടപടി ചൂണ്ടിക്കാട്ടിയാണ് തന്നെ ശിക്ഷിച്ചിരിക്കുന്നതെന്നും സംശയത്തിന്റെ അനുകൂല്യങ്ങൾ ലഭിച്ച എത്രയോ ശിക്ഷാ പ്രതികളെ ജയിലിൽ നിന്നും മോചിപ്പിക്കാൻ കോടതി ഉത്തരവായത് നോക്കി നിന്നിട്ടുള്ള ഒരു ജീവനക്കാരൻ എന്ന നിലയിൽ അന്വേഷണ ഉദ്യോഗസ്ഥൻ കുറ്റങ്ങൾ കണ്ടെത്താൻ കഴിഞ്ഞില്ലായെന്ന് റിപ്പോർട്ട് നൽകിയിട്ടും മുൻധാരണയോടെ പ്രവർത്തിച്ചുവെന്നും മുൻവിധിയോടെയും സ്വാഭാവികനീതി നൽകാതെയുമാണ് തനിക്കെതിരെ ശിക്ഷ നൽകിയതെന്നുമാണ് റിവ്യൂ ഹർജിയിലെയും ഹിയറിങ് വേളയിലേയും വാദങ്ങൾ.

4. ശ്രീ.സജിവൻ.എസ്.-നെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കുന്നതിന് മുൻപ് ഇദ്ദേഹത്തെ നേരിൽ കേട്ടതിന്റെയും നടപടിക്കാസ്പദമായ സംഭവവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിലാണ് ശിക്ഷാനടപടി കൈക്കൊണ്ട് ഉത്തരവായിട്ടുള്ളത്. അത് പുനഃപരിശോധിക്കുന്നതിന് റിവ്യൂ ഹർജിയിൽ ഉന്നയിച്ചിട്ടുള്ള വാദങ്ങൾ പര്യാപ്തമല്ല.

5. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീ.സജീവൻ.എസ്. സമർപ്പിച്ച റിവ്യൂഹർജി പരിഗണിനാർഹമല്ലാത്തിനാൽ റിവ്യൂ ഹർജി നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം.
ശ്രീ.സജീവൻ.എസ്.,അഴിമൂട് വീട്, മേൽക്കടക്കാവൂർ പി.ഒ, കടക്കാവൂർ(വഴി), തിരുവനന്തപുരം - 695306.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്.
കരുതൽ ഫയൽ .

ഉത്തരവിൻ പ്രകാരം

Signed by
Kavitha S
Date: 01-07-2025 13:49:14
സെക്ഷൻ ഓഫീസർ